SUNDAY 01/02/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/02/2026

1. 2026 ഫെബ്രുവരി 11 മുതൽ 15 വരെ തിരുവനന്തപുരം ആനയറ കാർഷിക മൊത്ത വ്യാപാര വിപണി കോമ്പൗണ്ടിൽ വൈഗ 2026 (VAIGA – Value Addition for Income Generation in Agriculture) സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ഡെഡിക്കേറ്റഡ് DPR ക്ലിനിക് ഫെബ്രുവരി 9, 10 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കും. മൂല്യവർധിത കൃഷിയും അഗ്രി-ബിസിനസ് സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരുക്കുന്ന ഈ ക്ലിനിക്, ബാങ്കബിൾ പ്രോജക്ട് റിപ്പോർട്ടുകൾ (DPR) തയ്യാറാക്കുന്നതിനുള്ള സമഗ്ര സഹായവേദിയായിരിക്കും. രാവിലെ 10 മുതൽ വൈകിട്ട് 5 വരെ ആനയറയിലെ സമേതി (SAMETI) യിൽ നടക്കുന്ന DPR ക്ലിനിക്കിൽ കൃഷി സംരംഭകർ, യുവ കർഷകർ, എഫ്.പി.ഓകൾ, എഫ്.പി.സികൾ, അഗ്രി-എം.എസ്.എം.ഇകൾ എന്നിവർക്കാണ് പങ്കെടുക്കാൻ അവസരം. കാർഷിക ഉല്പാദനോപാധികൾ, യന്ത്രവത്കരണം, അഗ്രി ബിസിനസ് കമ്പനികൾ, പൊതുമേഖല സ്ഥാപനങ്ങൾ (PSU) എന്നിവയിലെ വിദഗ്ധർ പങ്കാളികളായി സൗജന്യ സേവനങ്ങൾ നൽകും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃഷിക്കൂട്ടങ്ങൾ, കാർഷിക സംരംഭകർ, എഫ്.പി.സികൾ, അഗ്രി-എം.എസ്.എം.ഇ.കൾ ഉൾപ്പെടെയുള്ള അനുബന്ധ മേഖലകളിൽ നിന്നുള്ളവർക്ക്. പങ്കെടുക്കാം. പരിപാടിയിൽ സൗജന്യമായി പങ്കെടുക്കാവുന്നതാണ് എന്നാൽ, മുൻകൂട്ടി രജിസ്ട്രേഷൻ നിർബന്ധമാണ്. രജിസ്ട്രേഷൻ അവസാന തീയതി ജനുവരി 31. രജിസ്ട്രേഷൻ ലിങ്ക്: https://forms.gle/m7rCo5F7W5pphLo76. വ്യക്തമായ പദ്ധതി ആശയം, പ്രാഥമിക വരവ്-ചെലവുകണക്കുകൾ, നല്ല വായ്പാ യോഗ്യത, കൂടാതെ പദ്ധതിയുടെ മൊത്തച്ചെലവിന്റെ 10-20 ശതമാനം സ്വയം നിക്ഷേപിക്കാൻ ശേഷിയുള്ള ഗൗരവമുള്ള അപേക്ഷകരാണ് DPR ക്ലിനിക്കിന് അപേക്ഷിക്കേണ്ടതെന്ന് സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക ഫോൺ: 9497336242, 80955 90451.

2. റബ്ബറുത്പാദന പ്രോത്സാഹനപദ്ധതി പ്രകാരം കേരള സർക്കാർ ആർ.എസ്.എസ്. - 4-ാം ഗ്രേഡ് റബ്ബറിന്റെ വിപണി സഹായവില 2025 നവംബർ ഒന്നു മുതൽ കിലോഗ്രാമിന് 180 രൂപയിൽ നിന്ന് 200 രൂപയാക്കി വർദ്ധിപ്പിച്ചു. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി കർഷകർക്ക് അവരുടെ ബില്ലുകൾ/സെയിൽസ് ഇൻവോയ്സുകൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബറുത്പാദകസംഘങ്ങൾ വഴി www.ebt.kerala.gov.in എന്ന ഓൺലൈൻ പോർട്ടലിൽ സമർപ്പിക്കാവുന്നതാണ്. എല്ലാ റബ്ബറുത്പാദകസംഘങ്ങളും കർഷകരുടെ ബില്ലുകൾ സമയബന്ധിതമായി അപ് ലോഡ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ബില്ലുകൾ/സെയിൽസ് ഇൻവോയ്സുകൾ അപ് ലോഡ് ചെയ്യുന്നതിനുമുമ്പ് കർഷകർ തങ്ങളുടെ തോട്ടത്തിന്റെ തന്നാണ്ടത്തെ കരമടച്ച രസീതും സത്യവാങ്മൂലവും ഉത്പാദകസംഘത്തിൽ സമർപ്പിച്ച് ഈ പദ്ധതിയിലെ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. പോർട്ടൽ ഉപയോഗിക്കുമ്പോൾ ഏതെങ്കിലും ഉത്പാദകസംഘങ്ങൾക്ക് സാങ്കേതികബുദ്ധിമുട്ടുകളോ ലോഗിൻപ്രശ്നങ്ങളോ നേരിടുകയാണെങ്കിൽ സഹായത്തിനായി റബ്ബർബോർഡ് ഫീൽഡ് ഓഫീസുമായോ റീജിയണൽ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ "താറാവ് വളർത്തൽ എന്ന വിഷയത്തിൽ 04/02/2026 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.00 AM മുതൽ 5.00 PM വരെയുള്ള സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

4. **കാർഷിക നിർദേശം**

പുഞ്ച കൃഷി ഇറക്കിയ വിതച്ച് 70 ദിവസത്തിനുമുകളിൽ പ്രായമായ ചില പാടശേഖരങ്ങളിൽ മുഞ്ഞയുടെ സാന്നിദ്ധ്യം കണ്ടിരുന്നു എങ്കിലും കുമിൾ രോഗ ബാധ മൂലം മുഞ്ഞകൾ കൂട്ടമായി ചത്തൊടുങ്ങുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. രോഗബാധയേറ്റ മുഞ്ഞകൾ ചെടിയുടെ മുകളിലേക്ക് കയറി ഇലത്തുമ്പിൽ ചത്തിരിക്കുന്നതാണ് ബാഹ്യലക്ഷണം. ഇപ്രകാരം ചത്തിരിക്കുന്ന മുഞ്ഞകളുടെ ശരീരത്തിൽ നിന്നും വെള്ളനിറത്തിലുള്ള കുമിൾനാരുകൾ പുറത്തേക്ക് വളർന്നു നിൽക്കുന്നത് കാണാം. ഈ കുമിൾനാരുകളിൽ നിന്നും അന്തരീക്ഷത്തിലേക്ക് സ്വതന്ത്ര മാക്കപ്പെടുന്ന കുമിൾ വിത്തുകൾ കൂടുതൽ മുഞ്ഞകളിൽ പതിച്ച്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രോഗബാധ ഉണ്ടാക്കു കയും അതുവഴി രാസകീടനാശിനി പ്രയോഗം കൂടാതെ തന്നെ മുഞ്ഞബാധ നിയന്ത്ര ണവിധേയമാകുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നു. എൻ്റമോസ്റ്റോറ ജനുസ്സിൽപ്പെടുന്നതും, കീടങ്ങളിൽ രോഗബാധയ്ക്ക് കാരണമാകുന്നതുമായ കുമിൾ ആണ് കുട്ടനാട്ടിലെ നെൽപ്പാടങ്ങളിൽ മുഞ്ഞയുടെ സ്വാഭാവിക നിയന്ത്രണം സാധ്യമാക്കുന്നത്. ഇപ്രകാരം ഓലത്തുമ്പിൽ മുഞ്ഞകൾ കൂട്ടത്തോടെ ഒട്ടിപ്പിച്ച് ചത്തിരിക്കുന്നതായി കാണുകയാണെങ്കിൽ അത്തരം കണ്ടങ്ങളിൽ കീടത്തിൽ രോഗബാധ ഉണ്ടാക്കിയ മിത്രകുമിളിനെ നശിപ്പിക്കുന്ന രീതിയിൽ രാസകുമിൾ/കീടനാശിനി പ്രയോഗം പ്രസ്തുത സമയത്ത് നടത്താതിരിക്കാൻ കർഷകർ പ്രത്യേകം ശ്രദ്ധിക്കണം. ഉയർന്ന ആപേക്ഷിക ആർദ്രതയും ഇടവിട്ടുള്ള മുടിക്കെട്ടിയ കാലവസ്ഥയുമാണ് ഇപ്പോൾ മിത്രകുമിളിൻ്റെ വ്യാപനത്തിന് കാരണമായത്. മിത്രകുമി ളിന്റെ സാന്നിദ്ധ്യമുള്ള പാടങ്ങളിൽ നിലം ഉണങ്ങാതെ ചെറിയ അളവിൽ വെള്ളം നിലനിർത്തുന്നത് വയലിലെ സൂക്ഷ്മ കാലാവസ്ഥ മിത്രകുമിളുകളുടെ വ്യാപനത്തിന്

ff



അനുകൂലമാകാൻ സഹായിക്കും. കേരളാ സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ്പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം